മിസ്റ്റർ പി. ഗോവിന്ദമേനോൻ: നിയമഭേദഗതി വ്യത്യാസമില്ല. പക്ഷെ, അധ:കൃതർ വളരെ അവശതകളും അനുഭവിക്കുന്ന സമുദായമായതുകൊണ്ടു, അവരെ മർദ്ദിക്കുന്ന കേസുകളും പോലീസു നടത്തുവാൻവേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. മറവുള്ളവരെ മർദ്ദിയ്ക്കുന്ന കേസുകളും പോലീസു എടുത്തു നടത്തുകയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അവശതകളുള്ള എല്ലാസമുദായക്കാരുടേയും കാര്യത്തിൽ ഇങ്ങിനെ ചെയ്യുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ആലോചിക്കേണ്ട വിഷയമാണു്.

മിസ്റ്റർ സി. സി. പ്രസാദ്: അവശസമുദായക്കാർ മറവ സമുദായക്കാരെ മർദ്ദിച്ചാൽ അതു മർദ്ദനമാക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും മർദ്ദനം തന്നെ.

LATRINES CONSTRUATED UNDER HOOK-WORM CAMPAIGN SCHEME—INFORMATION REGBRDIG

255. (123) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) ഇക്കുറവേം കാമ്പെയിൻ പ്രമാണിച്ചു് അഴീക്കോടു്, എറിയാടു് വില്ലേജുകളിൽ പണിയുവാൻ നിശ്ചയിച്ച കക്കൂസുകളും എത്രയാണു്;

(ബി) അവയിൽ എത്രയെണ്ണം പണിതു;

(സി) പ്രസ്തുത പണി നടത്തുവാൻ തീരുമാനിച്ച തീയതി നടത്തിയ പണികളുടെ വിവരങ്ങളും എന്നിവ പറയാമോ;

(ഡി) കടലോരപ്രദേശമായ അഴീക്കോടു്, എറിയാടു്, എടവിലങ്ങു് എന്നി പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കക്കൂസുകളും ഇപ്പോൾ എത്രയെണ്ണം ഓരോ വില്ലേജുകളിലുമുണ്ടു്;

(ഇ) പ്രസ്തുത വില്ലേജുകളിൽ കൊക്കപ്പുഴുവിന്റെ ഉപദ്രവം ഇല്ലാതായി എന്നു് ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) അഴിക്കോടു് നു. എറിയാടു് ഒ.

(ബി) ഒന്നും പണിതിട്ടില്ല.

(സി) ഫ൯ ൪ ൪ ഏപ്രിൽ ന്യ -ാംനു. കക്കൂസുകൾക്കു സ്ഥലം മുഴുവൻ കിട്ടായ്കയാൽ കുറച്ചു സാമാനം മാത്രമെ കരാറുകാരൻ ശേഖരിക്കുകയുണ്ടായുള്ളു.

(ഡി) ഒന്നും ഇല്ല.

(ഇ) ഇല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: അവയിൽ ഒന്നു പണിയാതിരുന്നതിന്റെ കാരണമെന്താണു്?

മിസ്റ്റർ സി. എ. ഔസേപ്പു്: നോട്ടീസു വേണം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ കടലോരപ്രദേശങ്ങളിൽ ഒരു തരത്തിലുള്ള കക്കൂസുകളും പണിയാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ സി. എ. ഔസേപ്പു്: നോട്ടീസുവേണം.

ELECTRIC LIGHT—OLLUR PANCHAYAT—DETAILS REGARDING

256. (222) മിസ്റ്റർ പി. എസ്സ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഒല്ലൂർ പഞ്ചായത്തുത്തിയിലുള്ള പബ്ലിക്കു് റോഡുകളിൽ എത്ര ഇലക്ട്രിക്കു് വിളക്കുകളും കത്തിക്കുവാനനുവദിച്ചിട്ടുണ്ടു്;

(ബി) അതിൽ ഇന്നേവരെയായി എത്ര വിളക്കുകളും സ്ഥാപിച്ചു കഴിഞ്ഞതിട്ടുണ്ടു്;

(സി) അവ ഏതെല്ലാം റോഡുകളിലാണു് സ്ഥാപിച്ചിട്ടുള്ളതു;

(ഡി) ടി പഞ്ചായത്തുത്തിയിൽ ഇലക്ട്രിക്കു് ലയിൻ പോകുന്ന റോഡുകളുടെ ആകെ നീളം എത്ര വരുന്നുണ്ടു;

(ഇ) പനംകുറ്റിച്ചിറയുടെ തൊട്ടു വടക്കു ഭാഗത്തു് ചാലക്കുടി റോഡിൽനിന്നു പടിഞ്ഞാട്ടു തിരിഞ്ഞു അഞ്ചലാപ്പീസിന്റെ മുൻവശത്തുകൂടി ഓയിൽവെ ലയിൻവരെ പോകുന്ന റോഡിൽ എത്ര ദൂരം ഇലക്ട്രിക്കു് ലയിൻ പോകുന്നുണ്ടു;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആ ദൂരത്തിനുള്ളിൽ എത്ര ഇലക്ട്രിക്ക് വിളക്ക് സ്ഥാപിച്ചിട്ടുണ്ട്;

(ജി) ആ വിളക്കുകൾ ഓരോന്നും തമ്മിലുള്ള ശരാശരി ദൂരം എത്ര;

(എച്ച്) മേല്പറഞ്ഞ റോഡിനു പുറമേയുള്ള റോഡുകളിൽ ആകെ എത്ര വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്, അവ ഓരോന്നും തമ്മിലുള്ള ശരാശരി ദൂരമെത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആറു വിളക്കുകൾ കത്തിക്കുവാനാണ് അനുവദിച്ചിട്ടുള്ളത്.

(ബി) മേല്പറഞ്ഞ ആറു വിളക്കുകളും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) താഴെ പറയുംപ്രകാരമാണ് ടി വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്.—

(1) തെക്കെ അങ്ങാടി റോഡിന്റെ രണ്ടറ്റത്തും ഓരോന്ന്,

(2) വടക്കെ അങ്ങാടിയുടെ വടക്കെ അറ്റത്ത് ഒന്നും നടുവിൽ ഒന്നും,

(3) പടിഞ്ഞാറെ അങ്ങാടിയുടെ കിഴക്കെ അറ്റത്ത് ഒരു വിളക്ക്,

(4) ഒല്ലൂർ റയിൽവെ സ്റ്റേഷൻ മുതൽ അഞ്ചലാപ്പീസ്സുവരെ പോകുന്ന റോഡിന്റെ വടക്കെ അറ്റത്ത് ഒരു വിളക്ക്,

(ഡി) ഉദ്ദേശം 18,19 ൽ അടിവരും.

(ഇ) ഈ റോഡിലുള്ള ഇലക്ട്രിക്ക് ലയിനിന്റെ നീളം 1,19,20 അടി വരും.

(എഫ്) ഈ ദൂരത്തിനുള്ളിൽ മൂന്നു വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

(ജി) ഈ വിളക്കുകൾ തമ്മിലുള്ള ശരാശരി ദൂരം 1919 അടിയാണ്.

(എച്ച്) മൂന്നു ലൈറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. അവ ഓരോന്നും തമ്മിൽ ശരാശരി 18 1/2 അടി ദൂരവുമുണ്ട്.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: 1919-അടി ദൂരത്തിൽ മൂന്നു വിളക്കുകൾ സ്ഥാപിക്കാൻ പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വക ചെറിയ കാര്യങ്ങളെ സംബന്ധിച്ചു പഞ്ചായത്തു പ്രസിഡണ്ടും, പഞ്ചായത്തുഡയറക്ടരുമാണ് ആലോചിക്കേണ്ടത്. ഇങ്ങിനെയുള്ള നിസ്സാരകാര്യങ്ങൾ ഗവർമ്മെണ്ടല്ലാ ആലോചിക്കേണ്ടത്.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: അവിടത്തെ പഞ്ചായത്തു പ്രസിഡണ്ടിന്റെ വീടിന്റെ അടുക്കലാണ മൂന്നു വിളക്കുകൾ വച്ചിരിക്കുന്നത്. അതുകൊണ്ടാണ ഇങ്ങിനെ ചോദിച്ചത്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു ഗവർമ്മെണ്ടിനെ ആക്ഷേപിക്കരുത്. പഞ്ചായത്തു പ്രസിഡണ്ട് അങ്ങിനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ ആ ആളെ തോല്പിക്കണം അതാണവേണ്ടത്.

SHIFT SYSTEM IN SCHOOLS—CIRCULAR BY DIRECTOR OF PUBLIC INSTRUCTION—PARTICULARS OF

257 (193) Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the Director of Public Instruction has issued a circular at the end of October that the shift system will come into effect and that it will apply to the classes started at the beginning of the school year 1123;

(*b*) if so, whether the Government be pleased to inform as to the number of teachers in the whole State on Taluk war basis both male and female aided as well as unaided who will be thrown out of employment by the introduction of this sort of partial adoption of shift system;

(*c*) the savings the Government expect to make this school year by the adoption of shift system as noted above in (*a*) and (*b*);

(*d*) will they be pleased to place the copy of the Government Proceedings issued adopting this system on the Assembly table?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) No circular was issued by the Director of Public Instruction towards the end of October ordering that shift system will come into effect and that it will apply to the classes started at the beginning of the Educational year from Edavam 1123. An order was issued by the Director of Public Instruction on a reference made by the Manager of a school. The order was based on the original Government order introducing the shift system in schools and it was stated in it that shift system is not to be applied to classes that existed prior to Edavam 1123.

(*b*) No teacher is to be relieved in pursuance of the order of the Director of Public Instruction referred to above.

(*c*) Does not arise in view of the answer to (*b*) above.

LIBRARY ARCHIVES Kerala Legislative Assembly